കർഷകർക്ക് കേന്ദ്ര നോംസ് പ്രകാരം ലഭിക്കുന്ന നഷ്ടപരിഹാരം

163(2418) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. ബാബു പോൾ :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭങ്ങൾമൂലം കൃഷി നശിച്ചാൽ സംസ്ഥാനത്തെ കർഷകർക്ക് കേന്ദ്ര നോംസ് പ്രകാരം ലഭിക്കുന്ന നഷ്ടപരിഹാരം എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഗവൺമെന്റ് പ്രകൃതിക്ഷോഭത്തിന്റെ പേരിൽ പ്രസ്തുത നോംസ് മറികടന്ന് കർഷകർക്ക് സഹായങ്ങൾ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന്റെ കേന്ദ്ര നോംസ് പ്രകാരം ഓരോ വിളയ്ക്കും ലഭിക്കുന്ന നഷ്ടപരിഹാരത്തിന്റെ നിരക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഉണ്ട്.

1. 2010 വേനൽമഴക്കാലത്ത് നെൽക്കൃഷിയിൽ വിള ഇൻഷ്വറൻസിൽ ചേരാത്ത ആലപ്പുഴ, ഹരിപ്പാട്, കായംകുളം, ചാരുമൂട്, മാവേലിക്കര, ചങ്ങനാശ്ശേരി എന്നീ പ്രദേശങ്ങളിലെ കർഷകർക്ക് ഹെക്ടറിന് 6000 രൂപ നിരക്കിൽ 94.1202 ലക്ഷം രൂപ വിതരണം നടത്തി.

2. 2010 ഒന്നാംവിള കാലത്ത് അധിക മഴകാരണം ആലപ്പുഴ, കോട്ടയം ജില്ലകളിൽ മട വീണ പാടശേഖരങ്ങളിൽ പുനർ കൃഷി ചെയ്യുന്നതിനായി വിത്തു നൽകിയതിനും ബണ്ട് റിപ്പയർ ചെയ്യുന്നതിനുമായി 11.24 ലക്ഷം രൂപ സഹായം നൽകി.

3. തൃശ്ശൂർ കോൾ മേഖലയിൽ 2010 പുഞ്ചവിളക്കാലത്ത് സംഭരണത്തിനുണ്ടായ നഷ്ടം നികത്തുന്നതിനായി 10.28 ലക്ഷം രൂപ സഹായം നൽകി.

4. തൃശ്ശൂർ കോൾ മേഖലയിൽ രണ്ടാംവിളക്കാലത്ത് പ്രകൃതിക്ഷോഭംമൂലമുണ്ടായ നഷ്ടം ഭാഗികമായി നികത്തുന്നതിനായി 46.91 ലക്ഷം രൂപ കോൾ കർഷകർക്ക് വിതരണം നടത്തി.

5. കണ്ണൂർ ജില്ലയിൽ കമുക് കൃഷിക്കുണ്ടായ വിള നഷ്ടം നികത്തുന്നതിനായി ഏക്കറിന് 5000 രൂപ നിരക്കിൽ 9.27 ലക്ഷം രൂപ വിതരണം നടത്തി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

6. 2010 രണ്ടാം വിളയിൽ കാലം തെറ്റിപെയ്ത മഴയിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലുണ്ടായ നഷ്ടത്തിന് 3241 ഹെക്ടറിലെ കർഷകർക്ക് 194.46 ലക്ഷം രൂപ വിതരണം നടത്തി.

7. 2010 ഒക്ടോബർ, നവംബർ മാസങ്ങളിലുണ്ടായ അസാധാരണ അധിക മഴകാരണം നെൽകൃഷിനാശം ഉണ്ടായ കർഷകർക്ക് കൃഷി ഇറക്കുന്നതിനായി സൗജന്യവിത്ത്, വെള്ളം വറ്റിക്കുന്നതിന് ഏർപ്പെടുത്തിയ പമ്പുസെറ്റിന്റെ ചെലവ്, സംഭരണത്തിലുണ്ടായ നഷ്ടം ഹെക്ടറിന് 6000 രൂപ സഹായം എന്നിവ അടക്കം 8.07 കോടി രൂപ ക്രൈസിസ് മാനേജ്മെന്റ് ഫണ്ടിൽ നിന്നും നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

കർഷക കടാശ്വാസ കമ്മീഷൻ

194(2419) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക കടാശ്വാസ കമ്മീഷന് സർക്കാർ 2010-11 സാമ്പത്തിക വർഷം എത്ര കോടി രൂപ അനുവദിച്ചെന്ന് വ്യക്തമാക്കുമോ ; ഇതിൽ എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ സാമ്പത്തികവർഷം കമ്മീഷൻ തീർപ്പാക്കിയ കേസുകളിൽ നൽകാനായി എത്ര തുക അധികമായി ആവശ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) 2007-ൽ കമ്മീഷൻ നിലവിൽ വന്നതിനുശേഷം ഇതുവരെ കടാശ്വാസം നൽകാനായി അനുവദിച്ചത് എത്ര കോടി രൂപയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2010-11 സാമ്പത്തിക വർഷം പ്ലാൻ ശീർഷകം "2401-00-104-86(01)"-ൽ 10 കോടി രൂപയാണ് ആദ്യം അനുവദിച്ചിരുന്നത്. ഇതിൽ 9.999 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. തുടർന്ന് 15 കോടി രൂപ കൂടി ടി ശീർഷകത്തിൻകീഴിൽ അനുവദിച്ചിട്ടുണ്ട്. (സ.ഉ.(ആർ.ടി.) നമ്പർ 417/11/ധന തീയതി 19-1-2011 പ്രകാരം)

(ബി) 25 കോടി രൂപയാണ് കടാശ്വാസ കമ്മീഷൻ അധികമായി ആവശ്യപ്പെട്ടിരുന്നത്.

(സി) കമ്മീഷൻ നിലവിൽ വന്നതിനുശേഷം 48.17 കോടി രൂപ കടാശ്വാസം നൽകാനായി അനുവദിച്ചിട്ടുണ്ട്.

കൈപ്പാട് കൃഷി വികസനം

195(2420) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈപ്പാട് കൃഷി വികസനത്തിന് ഈ സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly